ശ്രീ. എൽ. എം. പൈലി: ആ അർത്ഥത്തിലല്ല അതു് പറഞ്ഞതു്, ഡിപ്പാർട്ടുമെൻറിനെ വിവരം ധരിപ്പിച്ചു, ഉടനെ വേണ്ട നടപടി നടത്തുവാൻ അവർ തയ്യാറാവുകയുംചെയ്തു എന്നാണു് പറഞ്ഞതു്.

അദ്ധ്യാപകന്മാരുടെ ഇൻക്രിമെൻറ്

*൨൨൪. (൯) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ബേസിക് ശമ്പളം നടപ്പാക്കിയശേഷം ഏതെങ്കിലും അദ്ധ്യാപകന്മാരുടെ ഇൻക്രിമെൻറ് നിറുത്തിവെച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവക്കു് വീണ്ടും ഇൻക്രിമെൻറ് അനുവദിക്കുകയൊ അവർ വാങ്ങാൻ ഇടയാവുകയൊ ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എൽ. എം. പൈലി): (എ) (ബി) ഷിഫ്റ്റ്‌റവഷ്യതി നടപ്പാക്കുന്നതുമുതൽ സർക്കാർ പ്രാഥമിക വിദ്യാലയത്തിലെ എല്ലാ അദ്ധ്യാപകന്മാർക്കും ൨൫ രൂപ അടിസ്ഥാനശമ്പളവും ഹെഡ്മാസ്റ്റർന്മാർക്കു് ഇതിനുപുറമേ ൫ രൂപ അലവൻസും കൊടുത്തുതുടങ്ങി. ഇങ്ങനെ ൨൫ രൂപ അടിസ്ഥാനശമ്പളം വാങ്ങിക്കുന്ന പ്രാഥമികവിദ്യാലയങ്ങളിലെ അദ്ധ്യാപകരെ മിഡിൽ സ്കൂളുകളിലെ ൩൦-൩൫ രൂപവരെയുള്ള സ്കെയിലിലേക്കു് പ്രമോട്ടു ചെയ്യുമ്പോൾ ൨൫ രൂപ ശമ്പളം കൊടുക്കുന്നു. എന്നാൽ ൨൫ രൂപയിൽനിന്നും ൩൦ രൂപയായി അവരുടെ ശമ്പളം ഉയരുന്നതിനു പര്യാപ്തമായ ഇൻക്രിമെൻറ്, ൩൦-൩൫ രൂപ സ്കെയിലിലേക്കു് പ്രമോട്ടുചെയ്തതിനുശേഷം മതി കൊല്ലം കഴിഞ്ഞാൽ കൊടുക്കുന്നതല്ല. ൩൦-൩൫ രൂപ സ്കെയിലിൽ ൩൦ രൂപ ശമ്പളത്തിൽ തുടങ്ങുകയാണെങ്കിൽ എന്നാണോ ൩൧ രൂപ മേടിക്കാൻ അർഹതയുള്ളതു് അന്നുതൊട്ടേ അവക്കു് ഇൻക്രിമെൻറ് അനുവദിച്ചു് ൩൧ രൂപ മേടിക്കുവാൻ സാദ്ധ്യതയുള്ളു.

കൊച്ചി-തിരുവിതാംകൂറിലെ പ്രാഥമിക വിദ്യാലയങ്ങളിലേയും മിഡിൽ സ്കൂളുകളിലേയും അദ്ധ്യാപക ശമ്പളം ഏകീകരിക്കുന്നതോടുകൂടി ഈ ന്യൂനത പരിഹരിക്കുന്നതാണു്.

ശ്രീ. പി. നാണു: അങ്ങിനെ ഒരു കൊല്ലം കഴിഞ്ഞാൽ മിഡിൽ സ്കൂളുകളിലേക്കു് എടുത്തിട്ടുള്ള അദ്ധ്യാപകന്മാർക്കു് ഇൻക്രിമെൻറ് അനുവദിക്കാതിരിക്കുന്നതുകൊണ്ടു് അങ്ങിനെയുള്ള അദ്ധ്യാപകന്മാർക്കു് വളരെ സങ്കടം ഉണ്ടെന്നുള്ള വിവരം ഗവൺമെൻറിനു അറിയാമോ?

ശ്രീ. എൽ. എം. പൈലി: അവക്കു് യാതൊന്നും നഷ്ടപ്പെട്ടുന്നില്ല. ൩൦ രൂപ ശമ്പളം കിട്ടുന്ന സ്ഥാനത്തു ൩൫ രൂപ അവക്കു് ലഭിക്കുന്നുണ്ടു്. സ്കെയിലിന്റെ മുറ അനുസരിച്ചുള്ള ഇൻക്രിമെൻറ് എത്രകാലം കഴിഞ്ഞാണോ ൩൧ ആകുന്നതു് അപ്പോൾ മാത്രമേ അവക്കു് ൩൧ രൂപ വാങ്ങുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളു.

ശ്രീ. പി. നാണു: ഇങ്ങനെയാണു് ഇൻക്രിമെൻറ് കൊടുക്കുന്നതെന്നുള്ള ഉത്തരവു് ഗവൺമെൻറ് എന്നാണു് പുറപ്പെടുവിച്ചതു്?

ശ്രീ. എൽ. എം. പൈലി: അതിനു നോട്ടീസ് വേണം.

ശ്രീ. പി. നാണു: മിഡിൽസ്കൂളിലേക്കുള്ള നിയമനത്തിനും ഇൻക്രിമെൻറ തടഞ്ഞുകൊണ്ടുള്ള ഈ ഉത്തരവു പുറപ്പെടുവിച്ചതിനും ഇടയ്ക്കുള്ളകാലത്തു ചില സ്ഥലങ്ങളിൽ അദ്ധ്യാപകന്മാർ ഇൻക്രിമെൻറ് വാങ്ങിയിട്ടില്ലയോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൽ. എം. പൈലി: ചില സ്ഥലങ്ങളിൽ വാങ്ങിയിരിക്കാം.

ശ്രീ. പി. നാണു: അങ്ങിനെ വാങ്ങിയിട്ടുള്ളവർ ആ തുക തിരിച്ചു കൊടുക്കണമെന്നാണോ ഗവൺമെൻറിന്റെ തീരുമാനം?

ശ്രീ. എൽ. എം. പൈലി: അതു തിരിച്ചു കൊടുക്കണമെന്നാണ് ഇപ്പോഴത്തെ നില. അതേപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. നാണു: എന്താണ് ഗവൺമെൻറ് ആ നില എടുത്തത്?

ശ്രീ. എൽ. എം. പൈലി: നിലവിലുള്ള രൂപം വ്യാഖ്യാനിക്കുമ്പോൾ തുക തിരിച്ചു കൊടുക്കേണ്ടതായിട്ടാണ് കാണുന്നത്. അതുകൊണ്ട് ചിലർക്ക് ക്ലേശങ്ങൾ ഉണ്ടായിട്ടുണ്ടെന്നറിയാം. ഗവൺമെൻറ് അതേപ്പറ്റി ആലോചിച്ചു കൊണ്ടിരിക്കയാണ്.

ശ്രീ. പി. നാണു: വാങ്ങിയ തുകയെങ്കിലും തിരിച്ചു കൊടുക്കാതിരിക്കാൻ വേണ്ട ഉത്തരവ് പുറപ്പെടുവിക്കുമോ?

ശ്രീ. എൽ. എം. പൈലി: അതുകൊണ്ട് അദ്ധ്യാപകന്മാർക്കുണ്ടാകുന്ന കഷ്ടത ലഘൂകരിക്കുന്നതിന് പ്രതിമാസം രണ്ട് രൂപ വീതം വാങ്ങിക്കുന്നതിനാണ് ഇപ്പോൾ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: തിരുവിതാംകൂർ വിഭാഗത്തും കൊച്ചിവിഭാഗത്തും അടിസ്ഥാനശമ്പളം ഒരുപോലെയാണോ?

ശ്രീ. എൽ. എം. പൈലി: അല്ല.

പട്ടികവർഗ്ഗങ്ങളുടെ ഉന്നമനം.

*൨൨൪. (൪) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചിയിലെ പട്ടികവർഗ്ഗങ്ങളുടേയും ഗിരിവർഗ്ഗക്കാരുടേയും ഉന്നമന പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവർമ്മെൻറിൽനിന്നും ൧൯൫൦–൫൧ ബഡ്ജറ്റ് വർഷത്തിൽ എന്തു തുക അനുവദിച്ചു എന്നും, അതിൽ എന്തു തുക ഏതിനത്തിൽ ചിലവായി എന്നും പറയുമോ;

(ബി) ൧൯൫൧–൫൨ സാമ്പത്തികവർഷത്തിൽ ഈ ഇനത്തിൽ കേന്ദ്രഗവൺമെൻറിൽനിന്നും എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും അതു് ഏതിനത്തിൽ ചിലവു് ചെയ്യുന്നു എന്നും പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ:)

(എ- യും, ബി. യും.) ഈ ഇനത്തിൽ കേന്ദ്രഗവർമ്മെൻറിൽ നിന്നും ഒരു തുകയും ലഭിച്ചിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: കേന്ദ്രഗവൺമെൻറിൽനിന്നും ഈ ഇനത്തിൽ ഒരു തുക അനുവദിക്കുന്നതാണെന്ന പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ: പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരിക്കാം, ഗവൺമെൻറിനറിവില്ലെന്നേയുള്ളൂ.

പ്രാതിനിദ്ധ്യം നൽകേണ്ട സമുദായങ്ങൾ

*൨൨൯. (൫) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ:—

(എ) ഉദ്യോഗവിതരണം, മറ്റു സൗജന്യങ്ങൾ മുതലായി പ്രാതിനിദ്ധ്യം നൽകേണ്ട സമുദായങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുവാൻ നിയുക്തമായ കമ്മി

LIBRARY ARCHIVES Kerala Legislative Assembly